**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1793** **09-12-2022 - ൽ മറുപടിയ്ക്ക്**

**വാല്യൂ ആഡഡ് അഗ്രികൾച്ചർ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ,<br>ശ്രീ. എ. രാജ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാർഷിക ഉല്പന്നങ്ങളെ മൂല്യവർദ്ധിത ഉല്പന്നമാക്കി മാറ്റുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് വാല്യൂ ആഡഡ് അഗ്രികൾച്ചർ മിഷൻ എന്ന സംരംഭം ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | (എ) | രൂപീകരിച്ചിട്ടുണ്ട്. കാർഷികഉല്പന്നങ്ങളെമൂല്യവർദ്ധിത ഉല്പന്നമാക്കിമാറ്റുന്നതിനുംകൃഷിക്കാരുടെ വരുമാനം ഇരട്ടിയാക്കുക, കാർഷികോത്പാദനക്ഷമത വർദ്ധിപ്പിക്കുക,ഉത്പന്ന സംഭരണം, ഉത്പന്നങ്ങളുടെ വില, മൂല്യവർധിത പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം, മറ്റ് അനുബന്ധ വരുമാനങ്ങൾ എന്നിവയിൽ വർധനവ് വരുത്തുന്നതിനുമായിട്ടാണ് മൂല്യവർധിത കൃഷി മിഷൻ (Value Added Agriculture Mission – VAAM) രൂപീകരിച്ചിട്ടുള്ളത്.<br><br>പ്രാഥമിക കാർഷിക ഉത്പന്നങ്ങളുടെ ഉത്പാദന/ നിർമാണ പ്രക്രിയകൾ, വിപണനം/സേവനങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ഉത്പന്നങ്ങളുടെ മൂല്യം വർധിപ്പിക്കുക എന്ന ആശയത്തിനാണ് മൂല്യവർധിത കൃഷി മിഷൻ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള പ്രധാന നേട്ടങ്ങൾ, നിലവിലുള്ള അവസരങ്ങൾ, വിടവുകൾ, നയം, സ്ഥാപനപരം, വിപണി, സാങ്കേതിക വശങ്ങൾ എന്നിവ പരിഗണിച്ച് പ്രധാനമായും ഇടപെടേണ്ട മേഖലകൾ കണ്ടെത്തുകയും അതുവഴി, മൂല്യവർധിത കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുന്നതിനും കേന്ദ്രീകൃത സമീപനം രൂപീകരിക്കുന്നതിനും ആവശ്യമായ നിർദ്ദശങ്ങൾ/ ശുപാർശകൾ എന്നിവയടങ്ങിയ ഒരു വർക്കിംഗ് പേപ്പറും VAAM നടത്തിപ്പിലേക്കായി അംഗീകരിച്ചിട്ടുണ്ട്.<br><br>പ്രസ്തുത ശുപാർശകളുടെ അടിസ്ഥാനത്തിൽ കാർഷിക വ്യവസായവും, സാങ്കേതികവിദ്യയും അറിവ് പങ്കിടലും ശേഷി വർധിപ്പിക്കൽ, വിപണനം, ധനകാര്യം പോലുള്ള വിഷയങ്ങളിൽ സബ് ആക്ഷൻ പ്ലാനുകൾ സമർപ്പിക്കുന്നതിനായി സബ് വർക്കിംഗ് |

| | | | |
|---|---|---|---|
| | | | ഗ്രൂപ്പുകൾ/റിസോഴ്സ് സപ്പോർട്ട് ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.<br><br>ഉത്പന്നങ്ങൾക്ക് ഉറപ്പായ വിപണി സൃഷ്ടിക്കുന്നതിനും ബ്രാൻഡ് വികസിപ്പിക്കുന്നതിനും മൂല്യവർധിത ഉത്പന്നങ്ങൾക്ക് പ്രസക്തമായ സർട്ടിഫിക്കേഷനുകൾ നേടുന്നതിനും ആയി അനുബന്ധ മേഖലകളിലെ വിദഗ്ധരുമായി സെമിനാറുകൾ, പ്രദർശനങ്ങൾ, ബ്രെയിൻസ്റ്റോമിംഗ് വർക്ക്ഷോപ്പുകൾ നടത്തി കൃഷിയിൽ മൂല്യനിർണയത്തെ പിന്തുണയ്ക്കുന്നതിന് ഈ മിഷൻ ശ്രദ്ധ കേന്ദ്രീകരിക്കും. ആഭ്യന്തര, അന്തർദ്ദേശീയ വ്യാപാരവും കയറ്റുമതിയും സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനും ഈ മിഷൻ ശ്രദ്ധ കേന്ദ്രീകരിക്കും. |
| (ബി) | കൃഷി, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ സംഭരണം, വിപണനം എന്നിവ ലക്ഷ്യമിട്ട് സിയാൽ മാതൃകയിൽ കർഷകർക്ക് കൂടി പങ്കാളിത്തമുള്ള കമ്പനി രൂപീകരിക്കുമെന്ന പ്രഖ്യാപനം യാഥാർത്ഥ്യമാക്കാനായിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | സിയാൽ മാതൃകയിൽ കേരള അഗ്രോ ബിസിനസ്സ് കമ്പനി (കാബ്കോ) എന്ന ഒരു കമ്പനി രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.<br><br>ഇക്കാര്യത്തിൽ വിവിധ തലങ്ങളിലുള്ള നടപടികൾ പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. |
| (സി) | സംസ്ഥാനത്തെ കർഷകരുടെ ക്ഷേമത്തിനായി ലോക ബാങ്കുമായി സഹകരിച്ച് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ള പദ്ധതികൾ സംബന്ധിച്ച് അന്തിമരൂപം തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | ഇല്ല. എന്നാൽ സംസ്ഥാന സർക്കാർ സമർപ്പിച്ച 200 മില്ല്യൺ ഡോളറിന്റെ ലോകബാങ്ക് സഹായത്തിനായുള്ള പദ്ധതി രേഖ കേന്ദ്രസർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ വിവിധ തലങ്ങളിലുള്ള ചർച്ചകൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ